g. യാക്കോബും സഹോദരന്മാരും ഫറവോൻ സമ്മാനിച്ച ഗോശെനിൽ - ഫറവോനുവേണ്ടി യോസേഫിനു സ്ഥലം വിൽക്കുവാൻ മിസ്രയിമ്യരെ ക്ഷാമത്താൽ നിർബന്ധിതരാകുന്നു. അദ്ധ്യാ.47

h. യാക്കോബ് മരണക്കിടക്കയിൽ യോസേഫിന്റെ പുത്രന്മാരെ അനുഗ്രഹിക്കുന്നു. അദ്ധ്യാ.48

5 **യാക്കോബിന്റെയും യോസേഫിന്റെയും മരണവും അടക്കവും അദ്ധ്യായം 49,50**

a. യാക്കോബ് മരണക്കിടക്കയിൽവച്ച് 12 മക്കൾക്കും അനുഗ്രഹവും പ്രവചനവും നൽകുന്നു. അദ്ധ്യാ. 49

b. യാക്കോബ് കനാനിൽ മരിച്ച് അടക്കപ്പെടുന്നു - യോസേഫ് മിസ്രയീമിൽ മരിച്ച് അടക്കപ്പെടുന്നു. അദ്ധ്യാ.50

---

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ, MW 340 മീറ്ററിൽ*

*ഓരോ പ്രഭാതത്തിലും 5.00 മുതൽ,*

*ശനിയാഴ്ച രാവിലെ 6.15 നും*

*ഞായറാഴ്ച രാവിലെ 6.30 നും*

*പതിവായി ശ്രവിക്കുക. സ്നേഹിതർക്കും പരിചയപ്പെടുത്തുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.*

---

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ-3, മഞ്ഞാടി പി.ഒ. തിരുവല്ല - 5, കേരളം
ഫോൺ : 0469 - 2700284

**ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യയുടെ**

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# ഉല്പത്തി

### വിഷയവിഭജനം

**പഞ്ചഗ്രന്ഥങ്ങൾ :**

*ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെ പഞ്ചഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. മോശെയാൽ എഴുതപ്പെട്ട ഈ പുസ്തകങ്ങളെ തിരുവെഴുത്തിൽ നിയമം എന്നു പറയുന്നു. മോശെയുടെ കർത്തൃത്വം ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും യഥാസ്ഥിതിക വേദപണ്ഡിതരും പുരാവസ്തുശാസ്ത്രവും ഇതിനെ മോശെയുടെതായി സ്ഥിരീകരിച്ചിട്ടുണ്ട്. വേദ വിശ്വാസികൾ ഒരുപോലെ മോശെയുടെ കർത്തൃത്വത്തെ അംഗീകരിക്കുന്നു (ആവ.31:9, 24,26; അ.പ്ര. 7:37,38).*

**ഉല്പത്തി**

***ബൈബിളിന്റെ വിത്ത സ്ഥലം***

**എഴുത്തുകാരൻ : മോശെ**

**പുസ്തകനാമം : ഉല്പത്തി (Genesis)**

*ഉല്പത്തി* (Genesis) *എന്ന നാമം സെപ്റ്റുജന്റിൽ* (Septuagint) *നിന്നും എടുത്തതാണ്. (ബി.സി. 285-247 കാലയളവിൽ ജീവിച്ചിരുന്ന അലക്സസ്ട്രിയയിലെ ടോളമി ഫിലദെൽഫസിന്റെ കല്പനയാൽ ഉണ്ടാക്കപ്പെട്ട*

പഴയനിയമത്തിന്റെ ഒരു ഗ്രീക്കു പരിഭാഷയാണ് സെപ്റ്റജന്റ് (LXX). 72 പുരോഹിതന്മാർ ചേർന്ന് 72 ദിവസം കൊണ്ടു നടത്തിയ പരിഭാഷയാണിതെന്ന് ചരിത്രകാരനായ ജോസീഫസ് പറയുന്നു. ആറു പുരോഹിതന്മാർ വീതം 12 ഗോത്രങ്ങളിൽ നിന്നുള്ളവരായിരുന്നു ഇവർ. ഈ പഴയനിയമ പരിഭാഷയിൽനിന്നും ക്രിസ്തുവും പൗലൊസും ഉദ്ധരിച്ചിട്ടുണ്ട്. ഇതുവരെയുള്ള എല്ലാ ഗ്രീക്കു പരിഭാഷയെക്കാൾ പുരാതനമാണിത്.

ഉല്പത്തി ആരംഭങ്ങളുടെയും കുടുംബങ്ങളുടെയും, പുസ്തകമാകുന്നു....! സൃഷ്ടിയുടെയും മനുഷ്യന്റെയും, സ്ത്രീയുടെയും, ശാബ്ബദിന്റെയും, വിവാഹത്തിന്റെയും, കുടുംബത്തിന്റെയും, പ്രവർത്തിയുടെയും, പാപത്തിന്റെയും, കൊലപാതകത്തിന്റെയും, യാഗത്തിന്റെയും, ജാതികളുടെയും, ഭാഷകളുടെയും സംസ്കാരത്തിന്റെയും, നാഗരികതയുടെയും, വീണ്ടെടുപ്പിന്റെയും ആരംഭം!

'ഉല്പത്തി' എന്നതിന് 'ആരംഭം' 'ഉറവിടം' 'ജനനം' എന്നൊക്കെയാണർത്ഥം. മൂലപദത്തിന് ഏറ്റവും അടുത്ത അർത്ഥം 'ജനനം' എന്നതാണ്. ഗ്രീക്കു ക്രിയാപദമായ 'Gennao' എന്നതിൽ നിന്നാണ് ഇതുൽഭവിച്ചത്. ഇതിനർത്ഥം "ജന്മം നൽകുക" എന്നത്രേ. ഉല്പത്തി ആരംഭങ്ങളുടെയും ഉറവിടങ്ങളുടെയും പുസ്തകമാണ്. എന്നാൽ പ്രത്യേകമായും ഇതു ജനനങ്ങളുടെ പുസ്തകമാകുന്നു. ഇത് തലമുറകളുടെ പുസ്തകമാകുന്നു. ഉല്പത്തിയെക്കുറിച്ചുള്ള ഈ ധാരണയനുസരിച്ച് രണ്ടു സ്വഭാവിക വിഭജനങ്ങൾ നൽകാം.

**1. ഉല്പ.2:4 – ആകാശ ഭൂമികളുടെ ജനനത്തിന്റെ പുസ്തകം (സെപ്റ്റുജന്റിൽനിന്നും)**

**2. ഉല്പ. 5:1 – മാനവ ജനനത്തിന്റെ പുസ്തകം**

ലളിതമായി പറഞ്ഞാൽ, ഉല്പത്തി പുസ്തകം യഹൂദ വംശാവലിയുടെ ഒരു രേഖയാകുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മനുഷ്യന്റെയും വംശാവലിയാണിത്. ആദ്യത്തെ ജനനം രേഖപ്പെടുത്തിയിരിക്കുന്നത് ഉല്പ. 3:15 ലാണ്. ഇവിടെ ഒരു വീണ്ടെടുപ്പുകാരനെക്കുറിച്ചുള്ള ആദ്യപരാമർശവുമുണ്ട്.

## വിഷയവിഭജനം

(വംശാവലികൾ അനുസരിച്ച്)

ഉല്പ. 1:1–2:6 – ആകാശങ്ങളുടെയും ഭൂമിയുടെയും തലമുറകളുടെ പുസ്തകം – ദൈവത്തിന്റെ സൃഷ്ടിപ്പിൻ പ്രവർത്തി.

ഉല്പ. 2:7–6:8 – ആദമിന്റെ (മനുഷ്യൻ) തലമുറകളുടെ പുസ്തകം – ആദം സൃഷ്ടിക്കപ്പെടുകയായിരുന്നു. എന്നാൽ, അവനു മക്കൾ ജനിക്കുന്നു.

ഉല്പ. 6:9–9:29 – നോഹയുടെ തലമുറകൾ

ഉല്പ. 10:1–11:9 – നോഹയുടെ പുത്രന്മാരുടെ തലമുറകൾ

ഉല്പ. 11:10–6 – ശേമിന്റെ തലമുറകൾ (ജാതികൾ)

ഉല്പ. 11:27–25:11 – തേരഹിന്റെ തലമുറകൾ

ഉല്പ. 25:12–18 – യിശ്മായേലിന്റെ തലമുറകൾ

ഉല്പ. 25:19–35:29– യിസഹാക്കിന്റെ തലമുറകൾ (ഉല്പ.21:12; എബ്രാ.11:8,9; റോമ.9:7).

ഉല്പ. 36:1–37:1 – ഏശാവിന്റെ തലമുറകൾ

ഉല്പ. 37:2–50:26 – യാക്കോബിന്റെ തലമുറകൾ (തള്ളപ്പെട്ട വംശപരമ്പരയെ ആദ്യവും തിരഞ്ഞെടുക്കപ്പെട്ടതിനെ അവസാനവും നൽകിയിരിക്കുന്നു (1കൊരി.15:46) വംശപരമ്പര നൽകുന്നതിലെ പ്രമാണം.)

## താക്കോൽപദം – തലമുറകൾ

ഉദ്ദേശ്യം : നമുക്കു കുടുംബങ്ങളെ നൽകുക – ഉല്പ. 12:3; 22:18; 28:13,14; അ.പ്ര. 3:25; ഗലാ.3:6,9,16.

2000 ഓളം വർഷങ്ങളുടെ ചരിത്രമാണ് ആദ്യത്തെ 11 അദ്ധ്യായങ്ങൾ. 12 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങൾ കേവലം 350 വർഷ കാലയളവിനെ വലയം ചെയ്യുന്നു. ഇതു നമ്മുടെ ശ്രദ്ധയെ പിടിച്ചു നിർത്തുന്നു.

11 – അദ്ധ്യായങ്ങൾ 2000 വർഷങ്ങളുടെയും 39 – അദ്ധ്യായങ്ങൾ കേവലം 350 വർഷങ്ങളുടെ മാത്രവും ചരിത്രം നൽകുന്നു.

ശരിയായി പറഞ്ഞാൽ ആദ്യത്തെ 11 അദ്ധ്യായങ്ങൾ, ഈ പുസ്തകത്തിന്റെ ശേഷം ഭാഗങ്ങളുടെയും ബൈബിൾ മൊത്തത്തിന്റെയും ഒരു മുഖവുരയാണ്. താഴെ കാണുന്ന രേഖാചിത്രം അതു തെളിയിക്കാൻ സഹായകമായിരിക്കും.



## വിഷയവിഭജനം

**I ഭൂമിയിൽ പാപത്തന്റെ പ്രവേശനം. അദ്ധ്യായം 1-11**

**A. സൃഷ്ടിപ്പ് അദ്ധ്യായം 1,2**

1. ആകാശവും ഭൂമിയും 1:1
2. ഭൂമി പാഴായും ശൂന്യമായും ഇരുന്നു 1:2
3. സൃഷ്ടിവിവരം 1:3-2:25
   - a. ഒന്നാം ദിവസം - വെളിച്ചം 1:3-5
   - b. രണ്ടാം ദിവസം - ആകാശം 1:6-8
   - c. മൂന്നാം ദിവസം - ഉണങ്ങിയ നിലം; സസ്യജാലം 1:9-13
   - d. നാലാം ദിവസം - സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ - 1:14-19
   - e. അഞ്ചാം ദിവസം - ജീവജാലങ്ങൾ 1:20-23
   - f. ആറാം ദിവസം - മൃഗജാലങ്ങൾ, മനുഷ്യൻ 1:24-31
   - g. ഏഴാം ദിവസം - ശാബ്ബത് 2:1-3

**B. വീഴ്ച അദ്ധ്യായം 3,4**

1. പാപത്തിന്റെ മൂല കാരണം ദൈവത്തെ അവിശ്വസിക്കലും അനുസരണക്കേടും
2. പാപത്തിന്റെ ഫലം - "കൊലപാതകം............. എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെട്ടു വരുന്നു" (മത്താ.15:19)

**C. പ്രളയം അദ്ധ്യായം 5-9**

1. ആദാമിന്റെ വംശാവലി പുസ്തകം - ശേത്തിലൂടെ മനുഷ്യചരിത്രത്തിന്റെ ആരംഭം - അദ്ധ്യാ. 5
2. ജലപ്രളയപൂർവ്വ സംസ്കാരം - പ്രളയത്തിന്റെ കാരണവും പെട്ടകനിർമ്മാണവും - അദ്ധ്യാ.6
3. പ്രളയത്താലുള്ള ന്യായവിധി - അദ്ധ്യാ.7
4. ജലപ്രളയാനന്തര സംസ്കാരം - പ്രളയത്തിനു ശേഷം - അദ്ധ്യാ.8
5. ജലപ്രളയാനന്തര ജീവിതം - പുതിയ ആരംഭം - അദ്ധ്യാ.9

**D. ബാബേൽ ഗോപുരവും ഭാഷ കലക്കവും അദ്ധ്യായം 10,11**

1. നരവംശ ശാസ്ത്രം- നോഹയുടെ പുത്രന്മാർ - അദ്ധ്യാ.10
2. ബാബേൽ ഗോപുരം - അദ്ധ്യാ.11
   (പെന്തെക്കോസ്തിന് വിപരീതം)

**II സകല മനുഷ്യവർഗ്ഗത്തിനുമുള്ള വീണ്ടെടുപ്പുകാരന്റെ വരവിനുള്ള ഒരുക്കം. അദ്ധ്യാ.12-50**

**A. അബ്രാം (വിശ്വാസം) അദ്ധ്യായം 12-23**

(ദൈവത്തിന്റെ 7 പ്രത്യക്ഷതകളാൽ വിശ്വാസത്തിന്റെ വികസനം)

1. അബ്രാമിനുള്ള ദൈവവിളിയും വാഗ്ദത്തവും - വിശ്വാസമില്ലായ്മയാലുള്ള തന്റെ പ്രതികരണം. അദ്ധ്യാ.12
2. അബ്രാം മിസ്രയിം ദേശത്തേക്കു മടങ്ങി വരുന്നു - ശേത്തിനെ പിരിയുന്നു - പിന്നെ ദൈവം അബ്രാമിനു മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെടുന്നു. അദ്ധ്യാ.13
3. ഒന്നാമത്തെ യുദ്ധം - അബ്രാം ശേത്തിനെ വിടുവിക്കുന്നു; ആദ്യ പുരോഹിതൻ - അബ്രാം മൽക്കിസദേക്കിനാൽ അനുഗ്രഹിക്കപ്പെടുന്നു. അദ്ധ്യാ.14
4. ദൈവം അബ്രാമിനു തന്നെതന്നെ കൂടുതൽ വെളിപ്പെടുത്തുന്നു - തന്റെ വാഗ്ദത്തങ്ങളെ ഉറപ്പിക്കുന്നു. അദ്ധ്യാ.15
5. സാറായിയുടെയും അബ്രാമിന്റെയും അവിശ്വാസം - യിശ്മായേലിന്റെ ജനനം. അദ്ധ്യാ.16
6. ദൈവം അബ്രാമിനോട് ഉടമ്പടി ചെയ്യുന്നു. (അബ്രാം അബ്രഹാം ആകുന്നു) മകനെക്കുറിച്ചുള്ള വാഗ്ദത്തം ഉറപ്പിക്കുന്നു. അദ്ധ്യാ.17.
7. സോദോമിന്റെ നാശത്തെക്കുറിച്ച് ദൈവം അബ്രഹാമിനു വെളിപ്പെടുത്തുന്നു. അദ്ധ്യാ.18
8. ദൂതന്മാർ ലോത്തിന് മുന്നറിയിപ്പു കൊടുക്കുന്നു - ലോത്ത് സോദോം വിടുന്നു. ദൈവം ആ പട്ടണങ്ങളെ നശിപ്പിക്കുന്നു. അദ്ധ്യാ.19
9. ഗെരാറിൽ വച്ച് സാറായുമായുള്ള ബന്ധത്തെ സംബന്ധിച്ച് അബ്രഹാം പാപം ആവർത്തിക്കുന്നു. ആദ്ധ്യാ.20
10. യിസഹാക്കിന്റെ ജനനം - ഹാഗാറും യിശ്മായേലും പുറത്താക്കപ്പെടുന്നു. അബ്രഹാം ബെർശേബയിൽ അദ്ധ്യാ.21
11. യിസഹാക്കിനെ ബലിയർപ്പിക്കാൻ ദൈവം അബ്രഹാമിനോട് കല്പിക്കുന്നു - അബ്രഹാമുമായുള്ള ഉടമ്പടിയെ ഉറപ്പിക്കുന്നു. അദ്ധ്യാ.22
12. സാറായുടെ മരണം - ശവസംസ്കാരത്തിനായി അബ്രഹാം മക്പേല ഗുഹ വാങ്ങുന്നു. അദ്ധ്യാ.23

**B. യിസഹാക്ക് (പ്രിയപുത്രൻ)** **അദ്ധ്യായം 24–26**

1. അബ്രഹാം യിസഹാക്കിനു ഭാര്യയെ കണ്ടെത്തുവാൻ ദാസനെ അയയ്ക്കുന്നു. റിബേക്കാ അവനോടൊപ്പം പോകുന്നു – അന്നു യിസഹാക്കിന്റെ ഭാര്യയാകുന്നു. അദ്ധ്യാ.24
2. അബ്രാഹാമിന്റെ മരണം – യേശാവിന്റെയും യാക്കോബിന്റെയും ജനനം. (ഇരട്ടകൾ) യേശാവ് ജ്യേഷ്ഠാവകാശം യാക്കോബിനു വിൽക്കുന്നു. അദ്ധ്യാ.25
3. ദൈവം യിസഹാക്കിനു ഉടമ്പടി ഉറപ്പിക്കുന്നു – യിസഹാക്ക് റിബേക്കയുമായുള്ള തന്റെ ബന്ധത്തെ തെറ്റിദ്ധരിപ്പിക്കുന്നു – യിസഹാക്ക് ഗരാരിൽ കിണർ കുഴിക്കുന്നു. അദ്ധ്യാ.26

**C. യാക്കോബ് (ദൈവം സ്നേഹത്തിൽ ശിക്ഷിച്ചു നന്നാക്കിയവൻ) അദ്ധ്യായം 27–36**

1. യാക്കോബും റിബേക്കയും സൂത്രത്തിൽ യേശാവിന്റെ അനുഗ്രഹം തട്ടിയെടുക്കുന്നു. അദ്ധ്യാ.27
2. യാക്കോബ് ഭവനം വിടുന്നു – ബെഥേലിൽ ദൈവം അവനു പ്രത്യക്ഷപ്പെടുന്നു – അബ്രഹാമിന്റെ ഉടമ്പടി ഉറപ്പിക്കുന്നു. അദ്ധ്യാ.28
3. യാക്കോബ് ഹാരാനിൽ എത്തുന്നു – റാഹേലിനെയും അമ്മാവൻ ലാബാനെയും കണ്ടുമുട്ടുന്നു – റാഹേലിനുവേണ്ടി സേവ ചെയ്യുന്നു – ചതിയാൽ ലേയയെ വിവാഹം കഴിക്കുന്നു. അദ്ധ്യാ.29
4. യാക്കോബിനു പുത്രന്മാർ ജനിക്കുന്നു – ലാബാനെ വിട്ടുപോകാൻ യാക്കോബ് തയ്യാറാകുന്നു. അദ്ധ്യാ.30
5. യാക്കോബ് ഹാരാനിൽനിന്നും പാലായനം ചെയ്യുന്നു. ലാബാൻ അവനെ പിൻതുടർന്നു തടയുന്നു. മിസ്പയിൽ വച്ച് യാക്കോബും ലാബാനും ഉടമ്പടി ചെയ്യുന്നു. അദ്ധ്യാ.31
6. യാക്കോബിന്റെ ജീവിതത്തിലെ പ്രതിസന്ധി: പെനിയേലിൽവച്ച് ഒരു മനുഷ്യൻ അവനോടു മല്ലടിക്കുന്നു – യാക്കോബിന്റെ പേർ യിസ്രായേൽ എന്നു മാറുന്നു. അദ്ധ്യാ.32
7. യാക്കോബ് യേശാവിനെ കണ്ടുമുട്ടുന്നു – യാക്കോബ് ശാലേമിലേക്കു യാത്ര ചെയ്യുന്നു. അദ്ധ്യാ.33
8. യാക്കോബിന്റെ കുടുംബത്തിന്റെ അപകീർത്തി – ദീന കളങ്കിതയാകുന്നു. സഹോദരന്മാർ ഹാമോരിലെ പുരുഷന്മാരെ കൊന്നു പകവീട്ടുന്നു. അദ്ധ്യാ.34
9. യാക്കോബ് ബെഥേലിലേക്കു മടങ്ങുന്നു – റാഹേൽ ബെത്‌ലഹേമിൽ വെച്ചു മരിക്കുന്നു – യിസഹാക്ക് ഹെബ്രോനിൽ വച്ചു മരിക്കുന്നു. അപ്പോ.35
10. യേശാവിന്റെ കുടുംബം ഏദോം ജാതിയാകുന്നു. അദ്ധ്യാ.36

**D. യോസേഫ് (കഷ്ടതയും മഹത്വവും)** **അദ്ധ്യായം 37–50**

1. യാക്കോബ് കനാനിൽ – യോസേഫ് അടിമയായി വില്ക്കപ്പെടുന്നു. അദ്ധ്യാ.37
2. യഹൂദയുടെ പാപവും ലജ്ജയും– അദ്ധ്യാ.38
3. മിസ്രയീമിലെ താഴ്ച – അദ്ധ്യാ.39,40
   a. പൊത്തിഫേറിന്റെ ഭവനത്തിലെ ഗൃഹവിചാരകൻ – പൊത്തിഫേറിന്റെ ഭാര്യയുടെ പ്രലോഭനം– തടവ്. അദ്ധ്യാ.39
   b. യോസേഫ് തടവിൽ വച്ച്, അപ്പക്കാരന്റെയും പാനപാത്രവാഹകന്റെയും സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നു. അദ്ധ്യാ.40
4. മിസ്രയീമിലെ ഉയർച്ച അദ്ധ്യായം 41–48
   a. യോസേഫ് ഫറവോന്റെ സ്വപ്നം വ്യാഖ്യാനിക്കുന്നു – മിസ്രയീമിന്റെ മേലധികാരിയാകുന്നു – ആസ്നത്തിനെ വിവാഹം കഴിക്കുന്നു – മനശ്ശെയും എഫ്രയിമും ജനിക്കുന്നു. അദ്ധ്യാ.41
   b. യാക്കോബ് 10 മക്കളെ ധാന്യത്തിനായി മിസ്രയിമിലേക്ക് അയയ്ക്കുന്നു – ശിമയോനെ ജാമ്യമായി വിട്ടേച്ചു പോകുന്നു. ധാന്യവുമായി ഭവനത്തിലേക്കു പോകുന്നു, പണം മടക്കി കൊടുക്കുന്നു. അദ്ധ്യാ.42
   c. യാക്കോബ് ബന്യാമിൻ ഉൾപ്പെടെ തന്റെ മക്കളെ വീണ്ടും മിസ്രയീമിലേക്ക് അയക്കുന്നു – യോസേഫിന്റെ വീട്ടിലെ സൽക്കാരം (തന്നെ വെളിപ്പെടുത്തുന്നില്ല) അദ്ധ്യാ.43
   d. യോസേഫ് സഹോദരങ്ങളെ ഭവനത്തിലേക്ക് അയക്കുന്നു – ബന്യാമിന്റെ ചാക്കിൽ പാനപാത്രം – യഹൂദ ബന്യാമീനായി യാചിക്കുന്നു. അദ്ധ്യാ.44
   e. യോസേഫ് തന്നെത്തന്നെ വെളിപ്പെടുത്തുന്നു – സഹോദരങ്ങളുടെ പുന:സമാഗമം – യാക്കോബിനെയും കുടുംബത്തേയും മിസ്രയിമിലേക്കു ക്ഷണിക്കുന്നു. അദ്ധ്യാ.45
   f. യാക്കോബ് 70 കുടുംബങ്ങളുമായി മിസ്രയീമിലേക്ക് – യാക്കോബും യോസേഫും കൂടിക്കാണുന്നു. അദ്ധ്യാ.46